IV. സബ്മിഷൻ

(1) സൊമാലിയൻ കടൽക്കൊള്ളക്കാർ തട്ടിയെടുത്ത കപ്പലിലെ ജീവനക്കാരെ രക്ഷിക്കുന്നതിന് നടപടി

(ഈ വിഷയം സംബന്ധിച്ച് ശ്രീ. പി. വിശ്വൻ, എം.എൽ.എ.-യും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. വി. എൻ. വാസവൻ: സർ, കഴിഞ്ഞ രണ്ട് ആഴ്ചമുമ്പ് സൊമാലിയൻ കടൽക്കൊള്ളക്കാർ കടലിൽ വച്ച് മുംബൈ ബേസൽ കമ്പനിയിലെ ഒരു കപ്പൽ തട്ടിയെടുക്കുകയുണ്ടായി. ഈ ഷിപ്പിൽ 17 ഇന്ത്യാക്കാരാണ് ജീവനക്കാരായുണ്ടായിരുന്നത്. അതിൽ മൂന്നുപേർ മലയാളികളാണ്. ഒരാൾ കോട്ടയം സ്വദേശി ശ്രീ. സി. ഹരിയും മറ്റൊരാൾ കോഴിക്കോട് സ്വദേശി ശ്രീ. ബിജേഷും വേറൊരാൾ കാഞ്ഞങ്ങാട് സ്വദേശി ശ്രീ. ഫാസിലുമാണ്. ഇവരുടെയൊക്കെ വീടുകളിൽ ഞങ്ങൾ പോയിരുന്നു. വളരെ വിഷമകരമായ ഒരു സാഹചര്യത്തിലാണ് ഈ വീട്ടിലുള്ളവരെല്ലാം ഇപ്പോൾ കഴിയുന്നത്. വലിയ പ്രയാസങ്ങൾ അവർ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. മുംബൈ ബേസൽ കമ്പനിയുമായി ബന്ധപ്പെടുമ്പോൾ നെഗോഷിയേഷൻ നടക്കുന്നു എന്നുള്ള മറുപടിയല്ലാതെ വ്യക്തമായ ഒരു ഉത്തരവും ഇതുവരെ കിട്ടിയില്ല. അതുകൊണ്ട് ഇവരെ മോചിപ്പിക്കാനാവശ്യമായ ഇടപെടൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, 8-2-2011-ൽ ഇന്ത്യൻ സമുദ്രാതിർത്തിയിൽ നിന്ന് സോമാലിയൻ കടൽകൊള്ളക്കാർ തട്ടിയെടുത്ത എണ്ണ ടാങ്കറിലെ ജീവനക്കാരായ മലയാളികളായ കോട്ടയം ചുങ്കം മുള്ളുശ്ശേരി ശ്രീഹരി വീട്ടിൽ പരേതനായ റിട്ടയേർഡ് എക്സൈസ് ഉദ്യോഗസ്ഥൻ ചന്ദ്രശേഖരൻ നായരുടെയും ശ്രീമതി പി.കെ. ഓമനയുടെയും മകൻ ഹരി സി. നായർ കൊയിലാണ്ടി നന്ദ്യത്ത് കൊളത്തേരി ഏകശിലയിൽ ബാലകൃഷ്ണന്റെ മകൻ ബിജേഷ് എന്നിവരെ രക്ഷപ്പെടുത്തുന്നതിനെക്കുറിച്ചാണ് സബ്മിഷൻ. ഈ കേസിനെക്കുറിച്ച് സർക്കാരിന് മറ്റ് നിവേദനങ്ങളൊന്നും ലഭിച്ചിട്ടില്ല. ഇതുസംബന്ധിച്ച് സൊമാലിയയിലെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന കെനിയയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർക്ക് അടിയന്തര സന്ദേശം നൽകി. കൂടാതെ മുംബൈയിലെ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് ഇക്കാര്യങ്ങളിൽ അടിയന്തിര അന്വേഷണത്തിനും കപ്പലിലുള്ളവരുടെ മോചനത്തിനുമായി സന്ദേശം നൽകിയിട്ടുണ്ട്. കെനിയയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ നൽകിയ മറുപടിയനുസരിച്ച് ഇറ്റാലിയൻ ഫ്ളാഗിൽ പ്രവർത്തിക്കുന്ന എൻ.വി.സാഹ്ന എന്ന എണ്ണ ടാങ്കർ തട്ടിക്കൊണ്ടുപോയതിനെപ്പറ്റി 8-2-2011-ൽ തന്നെ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ്, നേവൽ ഹെഡ്ക്വാർട്ടേഴ്സ്, വിദേശകാര്യ മന്ത്രാലയത്തിലെ മറ്റ് ഉന്നത ഉദ്യോഗസ്ഥർ എന്നിവർക്ക് ഹൈക്കമ്മീഷന്റെ പ്രതിരോധ വിഭാഗം ആവശ്യമായ വിവരങ്ങളും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഈ കപ്പലിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ പേര് വിവരങ്ങളും നൽകിയിട്ടുണ്ട്. ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിൽ നിന്നോ മറ്റ് അധികാരികളിൽ നിന്നോ ഇതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly